(സി) തീവ്രവാദ കേസ്സുകളുടെ അന്വേഷണത്തിനായി മുൻപ് നിയോഗിച്ചിരുന്ന ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം ഇപ്പോൾ നിലവിലില്ല. ഈ ടീമിന്റെ തലവനായി പ്രവർത്തിച്ചിരുന്ന ശ്രീ. റ്റി. കെ. വിനോദ്കുമാർ, ഐ.പി.എസ്. ഡെപ്യൂട്ടേഷനിൽ പോയതിനാലും ഈ ടീം അന്വേഷിച്ചുകൊണ്ടിരുന്ന കേസ്സുകൾ എല്ലാം എൻ.ഐ.എ. ഏറ്റെടുത്തതുകൊണ്ടും പുതിയ അന്വേഷണ വിഭാഗത്തെ നിയമിച്ചതിനാലുമാണ് ജെ.ഐ.റ്റി.-യുടെ പ്രവർത്തനം ഇപ്പോൾ നിലവിലില്ലാത്തത്.

(ഡി) പുതുതായി നിയമിച്ചിട്ടുള്ള 'ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗം' ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ എ.ഡി.ജി.പി. ക്രൈംസിന്റെ ഭരണപരവും എ.ഡി.ജി.പി., ഇന്റലിജൻസിന്റെ പ്രവർത്തനപരവുമായ നിയന്ത്രണത്തിലുമായിരിക്കും പ്രവർത്തിക്കുക. ഈ വിഭാഗം ക്രൈംബ്രാഞ്ചിന്റെ ഒരു പ്രത്യേക യൂണിറ്റായി പ്രവർത്തിക്കും. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ആഭ്യന്തര സുരക്ഷ) ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതായിരിക്കും. ഐ.എസ്.ഐ.ബി. വിഭാഗത്തിന് കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്.

(ഇ) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

എമിഗ്രേഷൻ കൗണ്ടറുകളിൽ ജീവനക്കാരില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി

9 (1473) ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം ഇല്ലാത്തതു കാരണം സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായ പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ടോ ;

(സി) എമിഗ്രേഷൻ കൗണ്ടറുകളിൽ ഇപ്പോൾ സംസ്ഥാന പോലീസ് വകുപ്പിൽനിന്നും നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം എയർപോർട്ട് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എയർപോർട്ട് അതോറിറ്റി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് പോലീസ് വകുപ്പ് നടത്തുന്ന പരിശീലന പരിപാടികൾ കൂടാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിശീലന പരിപാടികൾക്കും ഉദ്യോഗസ്ഥരെ അയക്കാറുണ്ട്.

(ബി) തിരുവനന്തപുരം, കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിൽ ജീവനക്കാരുടെ കുറവുണ്ട്.

(സി) ഉദ്യോഗസ്ഥരുടെ യോഗ്യതയും സ്വഭാവഗുണവും വിലയിരുത്തി നിയമനം നടത്തുന്നു.

(ഡി & ഇ) എയർപോർട്ട് അതോറിറ്റിയുടെകീഴിലല്ല വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗം ആയതിനാൽ അതോറിറ്റിക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതിക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് 2010 നവംബർ മാസത്തിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ തന്ത്രപ്രധാനമായ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണം

10 (1474) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തന്ത്രപ്രാധാന്യമുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാക്രമീകരണത്തിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതുസംബന്ധിച്ച കേന്ദ്ര സുരക്ഷാ സേനയുടെ നിർദ്ദേശങ്ങളും സഹായങ്ങളും നടപ്പിലാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇത്തരം തന്ത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ സുരക്ഷാ ക്രമീകരണ പാലനത്തെക്കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly